൩-201

ജനറൽ ആശുപത്രി, എറണാകുളം

നമ്പർ: GH-EKM/831/2026-C1 **തീയതി:26-10-2026**

ടെണ്ടർ നോട്ടീസ്

എറണാകുളം ജനറൽ ആശുപത്രിയിലെ സർജിക്കൽ ഉപകരണത്തിന് (Stryker OI) ആവശ്യമായ **System 8 Large Battery (2 എണ്ണം)** താഴെ പറയുന്ന സ്പെസിഫിക്കേഷനോടുകൂടി വിതരണം ചെയ്യുന്നതിനായി പ്രസ്തുത മേഖലയിൽ അംഗീകൃത രെജിസ്ട്രേഷനും പ്രവൃത്തി പരിചയമുള്ള നിർമ്മാതാക്കളിൽ/വിതരണക്കാരിൽ നിന്നും മുദ്രവെച്ച കവറുകളിൽ മൽസരാധിഷ്ഠിത സ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

- **ഇന വിവരണം:** System 8 Large Battery - 2 എണ്ണം
- **അടങ്കൽ തുക:** ₹ 2,00,000/-
- **ടെണ്ടർ ഫോമിന്റെ വില:** ₹ 500/- + GST (18%) = ₹ 590/-
- **നിരത ദ്രവ്യ നിക്ഷേപം (EMD):** ₹ 2,000/-
- **ടെണ്ടർ ഫോം വിതരണം ചെയ്യുന്ന അവസാന തിയതി:** 09/11/2026, വൈകീട്ട് 03.30 മണി വരെ
- **ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി:** 10/11/2026, വൈകീട്ട് 05.00 മണി വരെ
- **ടെണ്ടർ തുറക്കുന്ന തീയതിയും സമയവും:** 11/11/2026, രാവിലെ 11.30 മണി

ടെണ്ടറുകൾ മുദ്രവെച്ച കവറുകളിൽ **"Tender for Supply of System 8 Large Battery for Stryker OI"** എന്ന് രേഖപ്പെടുത്തി **Demand Draft** രൂപത്തിലുള്ള നിരതദ്രവ്യത്തിനൊപ്പം സൂപ്രണ്ട്, ജനറൽ ആശുപത്രി, എറണാകുളം എന്ന വിലാസത്തിൽ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ സമർപ്പിക്കേണ്ടതാണ്. ആയതിന് ശേഷം സമർപ്പിക്കുന്ന ടെണ്ടർ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. യാതൊരു മുന്നറിയിപ്പ് കൂടാതെയും കാരണം കാണിക്കാതെയും ടെണ്ടർ ഭാഗികമായോ പൂർണമായോ നിരസിക്കുന്നതിനും റദ്ദാക്കുന്നതിനുമുള്ള അധികാരം താഴെ ഒപ്പ് വെച്ചിരിക്കുന്ന വ്യക്തിയിൽ നിക്ഷിപ്തമായിരിക്കും.

ടെണ്ടർ നിബന്ധനകളും സ്പെസിഫിക്കേഷനും കൃത്യമായി വായിച്ചു മനസ്സിലായതിനു ശേഷം ടെണ്ടർ സമർപ്പിക്കേണ്ടതാണ്. ടെണ്ടർ ഫോറം പ്രവൃത്തി ദിവസങ്ങളിൽ രാവിലെ **1030** മുതൽ ഉച്ചയ്ക്ക് **01.00** മണി വരെയും ഉച്ചയ്ക്ക് ശേഷം **0200** മണി മുതൽ **0300** മണി വരെയും ഓഫീസിൽ നിന്ന് വിതരണം ചെയ്യുന്നതായിരിക്കും.

നിബന്ധനകളും വ്യവസ്ഥകളും:

1. ഈ സ്ഥാപനത്തിൽ നിന്ന് അനുവദിച്ച് നൽകുന്ന ടെണ്ടർ ഫോമുകൾ മാത്രമേ സ്വീകരിക്കുകയുള്ളു.
2. ടെണ്ടർ സമർപ്പിക്കുന്ന സ്ഥാപനങ്ങൾ തങ്ങളുടെ GST രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഡ്രഗ് ലൈസൻസ് (Medical Device License), PAN കാർഡ് എന്നിവയുടെ പകർപ്പുകൾ ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതാണ്.
3. ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനും വാറണ്ടി കാലാവധിയും ടെണ്ടറിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

4. നികുതികൾ ഉൾപ്പെടെയുള്ള വിലയും, സാധനങ്ങൾ ആശുപത്രി സ്റ്റോറിൽ എത്തിച്ചു നൽകുന്നതിനുള്ള ചെലവുകൾ ഉൾപ്പെട്ട തുകയുമാണ് രേഖപ്പെടുത്തേണ്ടത്.

5. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടർ മറ്റ് നടപടിക്രമങ്ങൾ പാലിച്ചിട്ടുള്ള പക്ഷം അംഗീകരിച്ച് ഉറപ്പിക്കുന്നതായിരിക്കും.

6. ടെണ്ടർ ലഭിക്കുന്ന വ്യക്തി/സ്ഥാപനം ആശുപത്രി സൂപ്രണ്ടുമായി 200/- രൂപ വിലയുള്ള മുദ്രപത്രത്തിൽ നിശ്ചിത മാതൃകയിൽ കരാറിൽ ഏർപ്പെടേണ്ടതും ടെണ്ടർ തുകയുടെ 5% പെർഫോർമൻസ് സെക്യൂരിറ്റി ഇനത്തിൽ ആശുപത്രി വികസന സൊസൈറ്റി ഫണ്ടിലേക്ക് ഒടുക്കേണ്ടതുമാണ്.

7. നിയമാനുസൃതമായ ടെണ്ടർ ഫീ, നിരത ദ്രവ്യം (EMD) എന്നിവയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ളവർ ആയത് സംബന്ധിച്ച സർക്കാർ ഉത്തരവ്, മറ്റ് രേഖകൾ എന്നിവ ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ടെണ്ടർ ഫീ, നിരത ദ്രവ്യം എന്നിവ നിർബന്ധമായും അടക്കേണ്ടതാണ്.

8. ടെണ്ടർ നടപടിക്രമങ്ങൾ പൂർണമായും കേരള സർക്കാരിന്റെ സ്റ്റോർ പർച്ചേസ് മാന്വലിനും **G.O.(P) No. 3/2013/SPD, Dated: 21.06.2013** എന്ന ഉത്തരവിനും വിധേയമായിരിക്കും.

9. ടെണ്ടർ സംബന്ധിച്ച സംശയങ്ങൾക്ക് പ്രവൃത്തി സമയങ്ങളിൽ ഓഫീസ് മുഖേന നിവാരണം വരുത്താവുന്നതാണ്.

സൂപ്രണ്ട്

Digitally signed by Prebhudas R
Date: 26-10-2026 14:28:28

ജനറൽ ആശുപത്രി, എറണാകുളം

നോട്ടീസ് ബോർഡ്

പകർപ്പ്:

1. എറണാകുളം ജില്ലാ കളക്ടർ & ചെയർമാൻ, ആശുപത്രി വികസന സമിതി (ആമുഖ കത്ത് സഹിതം)
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), എറണാകുളം
3. സെക്രട്ടറി, കോർപ്പറേഷൻ ഓഫീസ്, കൊച്ചി
4. തഹസിൽദാർ, താലൂക്ക് ഓഫീസ്, കണയന്നൂർ
5. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ജില്ലാ ഇൻഫർമേഷൻ ഓഫീസ്, എറണാകുളം
6. സൂപ്രണ്ട്, ജില്ലാ ആശുപത്രി / താലൂക്ക് ആശുപത്രി / സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി ആലുവ / ഫോർട്ട് കൊച്ചി / തൃപ്പൂണിത്തുറ / മട്ടാഞ്ചേരി
7. ഫയൽ / സ്റ്റോക്ക് ഫയൽ